പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) അട്ടപ്പാടി മേഖലയിൽ മാത്രം 5 വയസ്സിൽ താഴെയുള്ള ആദിവാസി കുട്ടികൾക്കിടയിൽ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, വനം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും ഫലപ്രദമായ പദ്ധതികൾ നടപ്പാക്കി വരുന്നു.

സഹകരണ മേഖല ശക്തിപ്പെടുത്തൽ

24 (*54) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി.എ. റഹീം :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും, ജനോപകാരപ്രദമാക്കുന്നതിനും ഈ സർക്കാരിന്റെ നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ നടപടികൾ പലതും സഹകരണ സ്ഥാപനങ്ങൾ മുഖേന നല്ല രീതിയിൽ നടപ്പിലാക്കിയിരുന്ന ജനോപകാര പദ്ധതികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചതായി ആക്ഷേപമുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായവും സംരക്ഷണവും നൽകാതെ അവ തകരാനിടയാക്കുന്ന നിലപാടുകൾ സ്വീകരിച്ചാൽ സാമൂഹ്യമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സഹകരണ സ്ഥാപനങ്ങൾക്ക് തകർച്ചയുണ്ടാക്കുന്നതായി ആക്ഷേപിക്കപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ തിരുത്തുന്നതിനും സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിൽ നിലപാട് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്. ഇതിന്റെ ഭാഗമായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം, സംഘങ്ങളിലെ വായ്പാ കടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാരുടെ ബാദ്ധ്യത ലഘൂകരിക്കുന്നതിന് വായ്പ ഇളവ് നൽകുന്നതിനുമായി 'ആശ്വാസ്' പദ്ധതി, കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അനുമതി, സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 'എന്റെ സംഘം' എന്ന ക്യാമ്പയിൻ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുവേണ്ടി നടത്തിയ തീവ്രയത്ന പരിപാടിയായ 'ഉണർവ്', ടൂറിസം, ലേബർ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷന്റെ രൂപീകരണം, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, ബ്ലോക്ക് തലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള 'മുഖാമുഖം' പരിപാടി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ, സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സഹകരണ നിയമ ഭേദഗതി, വാർഷിക പദ്ധതി പ്രകാരം സംഘങ്ങൾക്ക് പരമാവധി ധനസഹായം അനുവദിച്ചത്, "ആലില," "സുവർണ്ണകേരളം" പദ്ധതികൾ ആഡിറ്റ് കാലാനുസൃതമാക്കൽ, വിവിധ മേഖലകളിൽ പഠന സമിതികളെ നിയോഗിക്കൽ എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണവും വളർച്ചയും ലക്ഷ്യമാക്കിയും അവയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കുന്നതിനായും ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്രകാരം പ്രതിസന്ധി സൃഷ്ടിച്ചതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും നിയമാനുസൃതമായുള്ള ജനോപകാര പദ്ധതികളിൽ സർക്കാരിന്റെ നടപടികൾമൂലം പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കുന്ന യാതൊരു നിലപാടും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. ആദായ നികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിന് പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി.മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതോടൊപ്പംതന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സർക്കാർ കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ആശ്വാസ് പദ്ധതി

25 (*55) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് ഇതുവരെ നൽകിയതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി

LIBRARY ARCHIVES Kerala Legislative Assembly